<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3415</u> <u>14-07-2022 - ൽ മറുപടിയ്ക്ക്</u>

## കൃഷിഭവനുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ നിയോജകമണ്ഡലത്തിലെ കൃഷിഭവനുകളിൽ ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) | **ഗുരുവായൂർ നിയോജക മണ്ഡലത്തിൽ ഗുരുവായൂർ കൃഷി ഭവനിലെ പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ ഒഴിവുണ്ട്. ടി ഒഴിവ് നികത്തുന്നതിന് വേണ്ട നടപടികൾ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ സ്വീകരിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | **ഗുരുവായൂർ നിയോജക മണ്ഡലത്തിൽ ഗുരുവായൂർ കൃഷി ഭവനിലെ പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ ഒഴിവുണ്ട്. ടി ഒഴിവ് നികത്തുന്നതിന് വേണ്ട നടപടികൾ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ സ്വീകരിച്ചിട്ടുണ്ട്.** |
| (സി) | നഗരസഭകളിലെ കൃഷിഭവനുകളിൽ കൃഷിഓഫീസർ ഉണ്ടായിട്ടും അഗ്രികൾച്ചർ ഫീൽഡ് ഓഫീസർമാരെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിയമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിർവ്വഹണ ഉദ്യോഗസ്ഥന്മാരാകുന്നതിന് വിമുഖത കാണിക്കുന്ന കൃഷിഓഫീസർമാർക്കെതിരെ നടപടി സ്വീകരിക്കുമോ? | (സി) | **നഗരസഭകളിലെ കൃഷി ഭവനുകളിൽ കൃഷിഓഫീസർ തസ്തികയ്ക്കു പകരം കൃഷി ഫീൽഡ് ഓഫീസർ തസ്തികയാണ് നിലവിലുള്ളത്. കൃഷി ഫീൽഡ് ഓഫീസർ കൃഷിയുമായി ബന്ധപ്പെട്ട പദ്ധതി നടത്തിപ്പിന്റെ നിർവ്വഹണ ഉദ്യോഗസ്ഥരാകുന്നതിന് വിമുഖത കാണിക്കുന്നപക്ഷം അത്തരം വിഷയം പ്രത്യേകമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ